19621
28/10/19

# കേരള സർക്കാർ

## സംഗ്രഹം

റവന്യൂ വകുപ്പ് - മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - പാലക്കാട് ജില്ല — കീച്ചാമറ്റത്തിൽ വീട്ടിൽ ശ്രീ ബിജുമോന്റെ മകൾ നീതുവിന്റെ അപകടമരണത്തിന് ഒരു ലക്ഷം രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ആശ്വാസധനസഹായമായി അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

=================================================================

## റവന്യൂ (ഡി.ആർ.എഫ്. - ബി) വകുപ്പ്

സ.ഉ. (സാധാ) നം.3019/2019 /റവ. തിരുവനന്തപുരം, തീയതി, 26.10.2019

=================================================================

പരാമർശം:- ശ്രീ. ബിജുമോൻ, പാലക്കാട് ഓൺലൈൻ മുഖേന സമർപ്പിച്ച D190205931 നമ്പർ അപേക്ഷ.

## ഉത്തരവ്

ശ്രീ. ബിജുമോൻ, പാലക്കാട് തന്റെ മകൾ നീതുവിന്റെ അപകടമരണവുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്നതിനായി ഓൺലൈൻ വഴി D190205931 നമ്പർ അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ തുടരന്വേഷണത്തിൽ വാഹനാപകടത്തിൽ മരണമടഞ്ഞ നീതു വിവാഹിതയാണെന്നും ഭർത്താവിനോടൊപ്പം ബൈക്കിൽ യാത്ര ചെയ്യവേയാണ് അപകടത്തിൽപ്പെട്ട് മരണമടഞ്ഞതെന്നും FIR പരിശോധിച്ചതിൽ നിന്നും മനസിലാകുന്നു.

2. മേൽ സാഹചര്യത്തിൽ മരണമടഞ്ഞ നീതുവിന്റെ നിയമാനുസൃതമായ അവകാശികൾക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും 1,00,000/- രൂപ (ഒരു ലക്ഷം രൂപ മാത്രം) അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നു. നിയമാനുസൃത അവകാശികളെ കണ്ടെത്തി തുക വിതരണം ചെയ്യുന്നതിനായി പാലക്കാട് ജില്ലാ കളക്ടറെ ചുമതലപ്പെടുത്തുന്നു. അതിനായി ഒരു ലക്ഷം രൂപ പാലക്കാട് ജില്ലാ കളക്ടർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും അനുവദിച്ചുകൊണ്ട് ഉത്തരവാകുന്നു

3. വിതരണത്തിനാവശ്യമായി വരുന്ന **1,00,000/- രൂപ (ഒരു ലക്ഷം രൂപ മാത്രം)** 2075-00-800-40 Contribution to Chief Minister's Distress Relief Fund (NP) എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയുടെ ഖജാൻജിയായ ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P. 80 അക്കൗണ്ടിൽ നിന്നും പാലക്കാട് ജില്ലാ കളക്ടർക്ക് നൽകേണ്ടതും, ജില്ലാ കളക്ടർ മേൽപറഞ്ഞ നിർദ്ദേശങ്ങൾ പാലിച്ച വിവരം സർക്കാരിനെ അറിയിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**സന്തോഷ് കുമാർ.ടി.കെ**
**ജോയിന്റ് സെക്രട്ടറി**

ജില്ലാ കളക്ടർ, പാലക്കാട്
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു. റവന്യൂവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
റവന്യൂവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ. യ്ക്ക്
ധനകാര്യ (ഫണ്ട്സ്) വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ്/ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

T. [signature]

സെക്ഷൻ ഓഫീസർ.